# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 5272 24/10/2011-ൽ മറുപടിക്ക്

### ചെറുപുഴ കേന്ദ്രീകരിച്ച് ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസ്

| ചോദ്യം | | | മറുപടി |
|---|---|---|---|
| ശ്രീ. സി. കൃഷ്ണൻ | | | ശ്രീമതി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) |
| എ | പയ്യന്നൂർ മണ്ഡലത്തിൽ പട്ടികവർഗ്ഗ വിഭാഗക്കാർ കൂടുതൽ താമസിക്കുന്ന ചെറുപുഴ കേന്ദ്രീകരിച്ച് ഒരു ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസ് ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ? | എ | പട്ടികവർഗ്ഗ വികസന വകുപ്പിൽ നിലവിലുള്ള ചുമതലകളും ജോലിഭാരവും സംബന്ധിച്ച് ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് വിശദമായ പഠനം (work study) നടത്തിയിട്ടുള്ളതാകുന്നു. ഈ പഠനത്തിൽ കണ്ണൂർ ജില്ലയിലെ പയ്യന്നൂർ തളിപ്പറമ്പ് ബ്ലോക്കുകളെ ഉൾപ്പെടുത്തി തളിപ്പറമ്പ് ആസ്ഥാനമാക്കി ഒരു പുതിയ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസ് ആരംഭിക്കണമെന്ന് ശുപാർശ ചെയ്തിട്ടുണ്ട്. ഈ വിഷയത്തിൽ സർക്കാർ ഇപ്പോൾ നടപടി സ്വീകരിച്ചുവരികയാണ്. തളിപ്പറമ്പ് ആസ്ഥാനമാക്കി ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസ് തുടങ്ങുന്നത് സംബന്ധിച്ച ശുപാർശ പരിഗണിച്ച് വരുന്നതിനാൽ പയ്യന്നൂർ ചെറുപുഴ കേന്ദ്രീകരിച്ച് ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസ് ആരംഭിക്കുന്ന കാര്യം തത്കാലം പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ